**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902</u>** **<u>18-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികളിലെ കുടിശ്ശിക</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകളിലും വിദ്യാഭ്യാസ സഹായ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികളിൽ കുടിശ്ശികയില്ല. പ്രീമെട്രിക് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ കുടിശിക ഇല്ല . പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പായി 9,42,74,160/-രൂപയുടെ ക്ലെയിമുകൾ അനുവദിച്ചു നൽകാനുണ്ട് . ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ അഡിഷണൽ ഓതറൈസേഷൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .</td></tr>
<tr><td>(ബി)</td><td>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ ചികിത്സാസഹായ പദ്ധതികളിലും ക്ഷേമ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കുമോ?</td><td>(ബി)</td><td>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചികിത്സ സഹായ പദ്ധതികളുടെയും ക്ഷേമ പദ്ധതികളിലും കുടിശിക ഉള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു
<table>
<tr><td>പദ്ധതി</td><td>കുടിശ്ശിക</td></tr>
<tr><td>ചികിത്സ ധനസഹായം</td><td>34225500/-</td></tr>
<tr><td>വിവാഹ ധനസഹായം</td><td>580700000/-</td></tr>
<tr><td>മിശ്ര വിവാഹ ധനസഹായം</td><td>651225000/-</td></tr>
<tr><td>ഏക വരുമാന ദായകന്റെ മരണം ധനസഹായം</td><td>155600000/-</td></tr>
<tr><td>വിദേശ തൊഴിൽ ധനസഹായം</td><td>56100000/-</td></tr>
</table>
പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള മിശ്രവിവാഹ ധനസഹായത്തിൽ 91,75,000/- രൂപ കുടിശ്ശിക ഉണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ